# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.417- 8/8/2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ടി. എം. തോമസ് ഐസക്ക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### പതിനാലാം ധനകാര്യകമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുടെ നികുതി വിഹിതം വർദ്ധിപ്പിക്കുകയും പദ്ധതി ധനസഹായത്തിൽ ആനുപാതികമായി കുറവ് വരുത്തുകയും ചെയ്യുതു മൂലം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്രസഹായം (Normal Central Assistance),ഒറ്റത്തവണ കേന്ദ്ര സഹായം (One Time Additional Central Assistance) എന്നിവ നിർത്തലാക്കിക്കൊണ്ടും മറ്റു ധനസഹായങ്ങളിൽ ആനുപാതികമായ കുറവു വരുത്തിക്കൊണ്ടുമാണ് ഈ വർദ്ധനവ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽ നിന്നും 28 എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും 20 എണ്ണം കോർ വിഭാഗത്തിലും 2 എണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. പുതിയ സംവിധാനം അനുസരിച്ച് ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50:50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| (ബി)<br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനായി സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന്റെ പ്രവർത്തനഫലമായി എത്ര കോടി രൂപ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്ക് സഹിതം വ്യക്തമാക്കാമോ? | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകൾക്കും നിർവ്വഹണ ഏജൻസികൾക്കും പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നൽകിയ സമയക്രമം ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് വകുപ്പുകളുടെ നോഡൽ ഓഫീസർമാരുമായും മറ്റ് ഉദ്യോഗസ്ഥരുമായും ഈ സെല്ലിന്റെ ആഭിമുഖ്യത്തിൽ ചർച്ച നടത്തി അവലോകനം ചെയ്തു വരുന്നു. നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പദ്ധതികൾ സമർപ്പിക്കുന്നുണ്ടോ എന്നും വിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ എന്നും ഈ അവലോകന യോഗങ്ങളിൽ പ്രത്യേകം പരിശോധിക്കുന്നുണ്ട്. ഈ സെല്ലിന്റെയും ഡെൽഹിയിലെ റസിഡന്റ് കമ്മീഷണറുടെയും വകുപ്പ് മേധാവികളുടെയും നിർവ്വഹണ ഏജൻസികൾ ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥന്മാരുടെയും സംയോജിതമായ പ്രവർത്തനഫലമായാണ് കേന്ദ്രവിഹിതം നേടിയെടുക്കുന്നത്. നടപ്പ് സാമ്പത്തികവർഷം കേന്ദ്രവിഹിതമായി 66806.20 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ